പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1715 — 14.12.2012- ൽ മറുപടിയ്ക്ക്

## ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ചികിത്സ

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ബുദ്ധിമാന്ദ്യം ബാധിച്ചവർക്ക് ചികിത്സയ്ക്കും മറ്റു പരിചരണങ്ങൾക്കും എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) | <u>വികലാംഗ ദുരിതാശ്വാസ നിധി</u><br>ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് ചികിത്സയ്ക്കുള്ള ആനുകൂല്യമായി വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 5,000/- രൂപ വരെ നൽകി വരുന്നു.<br><u>ആശ്വാസകിരണം പദ്ധതി</u><br>മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ/ വാർദ്ധക്യരോഗങ്ങളാലും മറ്റു പലവിധ കാരണങ്ങളാലും ശയ്യാവലംബരായവർ, 100% അന്ധർ തുടങ്ങിയവരെ പരിചരിക്കുന്ന വ്യക്തികൾക്ക് 400/- രൂപാ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത് |
| (ബി) | ഇവരെ പരിചരിക്കുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ബുദ്ധിമാന്ദ്യമുള്ള പുരുഷന്മാരെ പരിചരിക്കുന്നതിന് മലപ്പുറം ജില്ലയിൽ പ്രതീക്ഷാ ഭവൻ, സ്ത്രീകളെ പരിചരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ ജില്ലയിൽ പ്രത്യാശാഭവൻ, കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ HMDC എന്നീ സ്ഥാപനങ്ങൾ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങൾക്ക് കിഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെല്ലാം സഹായം ലഭ്യമാക്കു ന്നുണ്ട്; വിശദമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന NGO സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അന്തേവാസി ഒന്നിന് പ്രതിമാസം 525/- രൂപ വീതം ഗ്രാൻറായി നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിനായി അപേക്ഷ കൾ ശുപാർശ ചെയ്യുന്നുമുണ്ട്. |
| (ഡി) | ഇവർക്കു വേണ്ടി എന്തെല്ലാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ? | (ഡി) | കേരള സാമൂഹ്യ സുരക്ഷാ മിഷനിലൂടെ നടപ്പിലാക്കി വരുന്ന ആശ്വാസ · കിരണം പദ്ധതിയിൽ ഗുരുതരമായ മാനസിക വെല്ലുവിളി നേരിടുന്ന വരുടെ പരിചാരകർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർ, സെറിബ്രൽ പാൽസി, ഓട്ടിസം എന്നീ രോഗങ്ങളാൽ ബുദ്ധിമുട്ടനു ഭവിക്കുന്നവരുടെ പരിചാരകർക്കും വാർഷിക വരുമാന പരിധി നോക്കാതെ തന്നെ സഹായം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ